പതിനാലാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1949** 13/06/2019 ലെ മറുപടി

**കുട്ടികളുടെ ഹാജർ, സ്വഭാവ വൈകല്യം എന്നിവ നിരീക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ: | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| **(എ)** പുതിയ അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി പ്രത്യേകമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | **(എ),(ബി) & (സി)** പുതിയ അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും, വിദ്യാലയങ്ങളുടെ സമീപമുള്ള കച്ചവട സ്ഥാപനങ്ങളെയും തട്ടുകടക ളെയും നിരന്തരമായി നിരീക്ഷിക്കുന്നതിനും അവിടെ നിന്നും കുട്ടികൾക്ക് ലഹരി പദാർത്ഥങ്ങൾ വില്ക്കുന്നില്ലായെന്ന് ഉറപ്പ വരുത്തുന്നതിനും, കുട്ടികളുടെ ഹാജർ, സ്വഭാവ വൈകല്യം എന്നിവ നിരീക്ഷിക്കുന്നതിനും തുടക്കത്തിൽ തന്നെ ക്രമവിരുദ്ധമായ കാര്യങ്ങളിലേക്ക് അവർ നീങ്ങുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി 22.05.2019 ൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ആഭ്യന്തരം, ഗതാഗതം, എക്സൈസ്, പൊതുവിദ്യാഭ്യാസം തുടങ്ങിയ വകുപ്പ് മേധാവികളുമായി ചർച്ച നടത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 27.05.2019 ൽ സർക്കുലർ നം. ജി3/229/19/ പൊവിവ പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ബന്ധപ്പെട്ട അധികാരികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| **(ബി)** വിദ്യാലയങ്ങളുടെ സമീപമുള്ള കച്ചവട സ്ഥാപനങ്ങളെയും തട്ടുകടകളെയും നിരന്തരമായി നിരീക്ഷിക്കുന്നതിനും അവിടെ നിന്നും കുട്ടികൾക്ക് ലഹരി പദാർത്ഥങ്ങൾ വില്ക്കുന്നില്ലായെന്ന് ഉറപ്പവരുത്തുന്നതിനും സംവിധാനം ഒരുക്കിയിട്ടുണ്ടോ; | |
| **(സി)** കുട്ടികളുടെ ഹാജർ, സ്വഭാവ വൈകല്യം എന്നിവ നിരീക്ഷിക്കുന്നതിനും തുടക്ക ത്തിൽ തന്നെ ക്രമവിരുദ്ധമായ കാര്യങ്ങളിലേക്ക് അവർ നീങ്ങുന്നില്ലാ യെന്ന് ഉറപ്പ് വരുത്തുന്നതിനും പ്രത്യേക നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

നം.ജി3/ 229/ 19/പൊവിവ.

തിരുവനന്തപുരം
തീയതി, 27/05/2019

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് - അധ്യയന വർഷാരംഭത്തിൽ സ്വീകരിക്കേണ്ട സുരക്ഷാ നടപടികൾ-സംബന്ധിച്ച്

സൂചന: 22.05.2019 ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിന്റെ മിനിട്ട്സ്

2019-20 അദ്ധ്യയനവർഷം സംസ്ഥാനത്തെ സ്കൂളുകൾ ജൂൺ 3 ന് തുറക്കുന്നതിനോടനുബന്ധിച്ച് സ്വീകരിക്കേണ്ട മുൻകരുതൽ നടപടികൾ സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**1. യാത്രാസൗകര്യം വർദ്ധിപ്പിക്കൽ:**

- അധ്യയന വർഷാരംഭം മുതൽ തന്നെ വിദ്യാർത്ഥികൾക്ക് സുഗമമായി സ്കൂളിൽ വന്നു പോകുന്നതിന് മതിയായ യാത്രാ സൗകര്യം ഉറപ്പ് വരുത്തേണ്ടതാണ്.
- റോഡ് സുരക്ഷയുടെ കാര്യത്തിലും സ്വകാര്യ വാഹനങ്ങളിലും സ്കൂൾ ബസുകളിലും യാത്ര ചെയ്യുന്നവരുടെ കാര്യത്തിലും പ്രത്യേകമായ സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
- സ്കൂൾ കുട്ടികളെ കയറ്റി വരുന്ന വാഹനങ്ങളുടെ പ്രവർത്തനക്ഷമതയും പഴക്കവും പരിശോധിച്ച് ഉപയോഗയോഗ്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- വാഹനങ്ങളുടെ കപ്പാസിറ്റിയിലധികം കുട്ടികളെ യാത്ര ചെയ്യിക്കുന്നില്ല എന്നതും എല്ലാവിധ സുരക്ഷാമാനദണ്ഡങ്ങളും പാലിക്കപ്പെടുന്നുവെന്നതും ഉറപ്പാക്കേണ്ടതാണ്.
- വാഹനങ്ങളിലെ ഡ്രൈവർമാർ മദ്യപിച്ച് വാഹനമോടിക്കുന്നില്ലാ എന്നത് ഉറപ്പ് വരുത്തേണ്ടതും കുറ്റക്കാർക്കെതിരെ കർശനനടപടി സ്വീകരിക്കേണ്ടതുമാണ്.
- സ്വകാര്യവാഹനങ്ങളിലെ ഡ്രൈവർമാരിൽ നിന്നും ജീവനക്കാരിൽ നിന്നും മോശമായ അനുഭവങ്ങൾ കുട്ടികൾക്ക് ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- കെ.എസ്.ആർ.റ്റി.സി. ഉൾപ്പെടെയുള്ള എല്ലാ വാഹനങ്ങളും കൃത്യമായ സ്റ്റോപ്പുകളിൽ നിറുത്തി കുട്ടികളെ കയറ്റി കൊണ്ടു പോകേണ്ടതും കൃത്യമായ സ്റ്റോപ്പിൽ തിരികെ ഇറക്കി വിടേണ്ടതുമാണ്. സ്വകാര്യ ബസ് ഓപ്പറേറ്റർമാർ വിദ്യാർത്ഥികളെ ബസിൽ കയറ്റിക്കൊണ്ടു പോകാതിരിക്കുന്നതും കുട്ടികൾക്ക് സീറ്റ് അനുവദിക്കാതിരിക്കുന്നതുമായ പരാതികളുണ്ടാകാതിരിക്കാൻ പോലീസ്, ഗതാഗത വകുപ്പ് അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- സ്കൂൾ കുട്ടികൾക്കു സൗകര്യപ്രദമായ തരത്തിൽ ആവശ്യത്തിന് ബസുകൾ ഓടിക്കുന്നുണ്ടെന്ന കാര്യം കെ.എസ്.ആർ.റ്റി.സി. ഉറപ്പ് വരുത്തേണ്ടതാണ്.
- സ്കൂൾ വിദ്യാർത്ഥികളെ കയറ്റിപ്പോകുന്ന സ്വകാര്യ വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ നേരത്തേ ശേഖരിച്ചു സൂക്ഷിക്കേണ്ടതാണ്.
- സ്കൂൾ പരിസരങ്ങളിലും റോഡിലും ബസ് സ്റ്റോപ്പുകളിലും വാഹനങ്ങളുടെ ഓവർക്രൗഡിംഗ് മൂലം

ഗതാഗതക്കുരുക്ക് അനുഭവപ്പെടാതിരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതും നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

- പ്രായപൂർത്തിയാകാത്ത കുട്ടികൾ വാഹനങ്ങൾ ഓടിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും വാഹനങ്ങളുടെ ഉപയോഗത്തിൽ സുരക്ഷിതത്വം ഉറപ്പ് വരുത്തേണ്ടതുമാണ്.
- ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും സുരക്ഷ ഉറപ്പ് വരുത്തുന്നതിനും ആവശ്യമെങ്കിൽ SPC, NCC, NSS, PTA എന്നിവരുടെ സേവനം വിനിയോഗിക്കേണ്ടതാണ്.

## 2. സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ

- സംസ്ഥാനത്തെ എല്ലാ സ്കൂൾ കെട്ടിടങ്ങളുടെയും സുരക്ഷ ബന്ധപ്പെട്ട അധികാരികൾ പരിശോധിക്കേണ്ടതും കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കേണ്ടതുമാണ്. സുരക്ഷിതമല്ലാത്ത സ്കൂൾ കെട്ടിടങ്ങൾക്കു പകരം സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതും പുനർ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
- സ്കൂൾ കെട്ടിടങ്ങളോട് ചേർന്ന് അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റി മുൻകൂർ സുരക്ഷ ഉറപ്പാക്കേണ്ടതാണ്.
- എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ചുറ്റുമതിൽ നിർമ്മിക്കേണ്ടതാണ്.

## 3. ലഹരി വസ്തുക്കളുടെ വിപണനവും ഉപഭോഗവും

- സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരിവസ്തുക്കളുടെ ഉപഭോഗം ഇല്ലാതാക്കുന്നതിന് അദ്ധ്യാപകരും രക്ഷിതാക്കളും പോലീസ് എക്സൈസ് അധികൃതരും കൂട്ടായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
- സ്കൂളുകളും പരിസരവും കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ലഹരി മാഫിയകളെ മുൻകൂട്ടി കണ്ടെത്തുന്നതിനും അമർച്ച ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- സ്കൂളിലും പരിസരങ്ങളിലും പൂർവ്വവിദ്യാർത്ഥികളുൾപ്പെടെ ആരെയും മതിയായ കാരണം കൂടാതെ പ്രവേശിപ്പിക്കാതിരിക്കേണ്ടതാണ്. ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകളുടെ കാര്യത്തിൽ ആവശ്യമെങ്കിൽ ഒരു വിമുക്തഭടനെ സെക്യൂരിറ്റി ആയി നിയമിക്കേണ്ടതും സ്കൂളുകളിൽ അനാവശ്യമായി ആരും പ്രവേശിക്കുന്നില്ലാ എന്നുറപ്പ് വരുത്തേണ്ടതുമാണ്. ഇതിലേക്കുള്ള ചെലവ് പി റ്റി എ ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.
- ലഹരിനിർമ്മാർജ്ജന കാര്യത്തിൽ പോലീസ് എക്സൈസ് വകുപ്പുകൾ ആവശ്യമായ കരുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. അതിലേക്ക് സ്കൂൾ പരിസരങ്ങളിൽ പോലീസ്/എക്സൈസ് വകുപ്പുകളുടെ നേതൃത്വത്തിൽ നിരീക്ഷണം നടത്തേണ്ടതാണ്. വിമുക്തി മിഷന്റെയും NCC. SPC. NSS എന്നിവയുടെയും സേവനവും സഹകരണവും ഇക്കാര്യത്തിൽ ഉപയോഗിക്കാവുന്നതാണ്.
- ലഹരി വസ്തുക്കളുടെ വിതരണമോ ഉപഭോഗമോ ശ്രദ്ധയിൽപ്പെട്ടാൽ അത് റിപ്പോർട്ട് ചെയ്യുന്നതിന് എക്സൈസ് വകുപ്പിന്റെ നമ്പർ പ്രസിദ്ധീകരിക്കേണ്ടതും സ്കൂളുകളിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.
- സ്കൂൾ പരിസരത്തുള്ള കടകളും ഐസ്ക്രീം പാർലറുകൾ പോലെയുള്ള സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് ലഹരിവസ്തുക്കളുടെ വിപണനം നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങൾ പോലീസ്, എക്സൈസ് വകുപ്പുകളുടെ നേതൃത്വത്തിൽ ഇടയ്ക്കിടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. സ്കൂൾ ഹോസ്റ്റലുകൾ, ടോയ് ലറ്റുകൾ എന്നിവയും സ്കൂൾ അധികൃതർ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.
- വിദ്യാർത്ഥികൾ ലഹരിവസ്തുക്കളുടെ വാഹകന്മാരാകുന്നില്ല എന്ന കാര്യവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- സ്കൂൾ കുട്ടികൾ കടകളിൽ അനാവശ്യമായി കൂട്ടംകൂടുന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതും ഒഴിവാക്കേണ്ടതുമാണ്.

## 4. സ്കൂൾ കുട്ടികളെ ശാരീരികമായും ലൈംഗികമായും ചൂഷണത്തിൽ നിന്നും ഒഴിവാക്കൽ

- സ്കൂൾ കുട്ടികളെ ശാരീരികമായും ലൈംഗികമായുമുള്ള ചൂഷണങ്ങളിൽ നിന്നും ഒഴിവാക്കുന്നതിനുള്ള ഏകോപിത പ്രവർത്തനങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ കൗൺസിലിംഗ് നൽകുന്നതിനുള്ള സൗകര്യങ്ങൾ സ്കൂളുകളിൽ ക്രമീകരിക്കേണ്ടതാണ്.
- പ്രൈവറ്റ് വാഹനങ്ങളിലെ ജീവനക്കാരിൽ നിന്നും മോശമായ ഇടപെടലുകളും അനുഭവങ്ങളും ഉണ്ടാകുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതും അതിനാവശ്യമായ ബോധവത്ക്കരണം കുട്ടികൾക്കിടയിൽ നടത്തേണ്ടതുമാണ്.
- കുട്ടികളിലെ പിരിമുറുക്കവും മാനസിക വ്യതിയാനങ്ങളും ശ്രദ്ധിക്കേണ്ടതും ആവശ്യമെങ്കിൽ പ്രത്യേക കൗൺസിലർമാരുടെ സേവനം വിനിയോഗിക്കേണ്ടതുമാണ്.
- കുട്ടികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഒരു അദ്ധ്യാപകനെ/അദ്ധ്യാപികയെ സ്കൂൾ കൗൺസിലറുടെ ചുമതല ഏൽപ്പിക്കാവുന്നതാണ്.

## 5. കുട്ടികളിലെ അച്ചടക്കം:

- അച്ചടക്കമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതാവണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം
- എല്ലാ സ്കൂൾ അധികൃതരും രക്ഷകർത്താക്കളും കുട്ടികൾ സ്ഥിരമായി സ്കൂളിൽ എത്തിച്ചേരുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. വീട്ടിൽ നിന്നും സ്കൂളിലേക്കിറങ്ങുന്ന വിദ്യാർത്ഥികൾ ക്ലാസ്സിൽ കയറാതെ കറങ്ങി നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- കുട്ടികളുടെ സ്വഭാവത്തിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും കറക്ട് ചെയ്യുന്നതിനുമുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ അദ്ധ്യാപകരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ കുട്ടികളെ കുറ്റവാളിയാക്കുന്നതിനോ ശിക്ഷിക്കുന്നതിനോ അല്ല മറിച്ച് നേർവഴിക്കു നയിക്കുന്നതിനാണ് ഊന്നൽ നൽകേണ്ടത്.
- കുട്ടികളുടെ ഹാജർനില അതാതു ദിവസങ്ങളിൽ രക്ഷിതാക്കളെ അറിയിക്കുന്നതിനുള്ള സംവിധാനത്തോടുകൂടിയ ഡിജിറ്റൽ അറ്റന്റൻസ് മോണിറ്ററിംഗ് സംവിധാനം സ്കൂളുകളിൽ നടപ്പിൽ വരുത്തുന്നത് പരിശോധിക്കാവുന്നതാണ്.
- കൃത്യമായ ഇടവേളകളിൽ ക്ലാസ് പി റ്റി എ വിളിച്ചു ചേർക്കേണ്ടതും കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ അദ്ധ്യാപകരും രക്ഷകർത്താക്കളുമായി ചർച്ച ചെയ്യേണ്ടതുമാണ്. ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിക്കാവുന്നതാണ്.
- കുട്ടികളുടെ ഹാജർനില ഉറപ്പുവരുത്തുന്നതിന് PTA, SPC, NSS, NCC എന്നിവയുടെ കൂട്ടായ ശ്രമം ഉണ്ടാകേണ്ടതാണ്.
- ആദ്യ സ്കൂൾ പി റ്റി എ ജൂൺ മാസം തന്നെ ചേരേണ്ടതും മൂന്നു മാസത്തിലൊരിക്കലെങ്കിലും തുടർ പി റ്റി എ കൾ വിളിച്ചു ചേർക്കേണ്ടതും കുട്ടികളുടെ വിദ്യാഭ്യാസപരവും സ്കൂളിന്റെ പ്രവർത്തനപരവുമായ കാര്യങ്ങൾ ചർച്ച ചെയ്യേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളും വകുപ്പു മേധാവികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**എ. ഷാജഹാൻ**
സെക്രട്ടറി

ഗതാഗത വകുപ്പ്
ആഭ്യന്തര വകുപ്പ്
നികുതി വകുപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ, തിരുവനന്തപുരം

സ്റ്റേറ്റ് പോലീസ് ചീഫ്, തിരുവനന്തപുരം
എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
റോഡ് സേഫ്റ്റി കമ്മീഷണർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.റ്റി.സി, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർ സെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Hema. V

സെക്ഷൻ ഓഫീസർ

Sd/- [signature]

സെക്ഷൻ ഓഫീസർ